## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1662 31.01.2018-ൽ മറുപടിയ്ക്ക്.

## പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | പൊൻമള ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട കോട്ടക്കൽ നിയോജകമണ്ഡലത്തിലെ എം.എൽ.എ-യുടെ 31.07.2017-ലെ കത്തും , പൊൻമള പഞ്ചായത്ത് പ്രസിഡന്റിന്റെ 5.01.2017-ലെ കത്തും 23.08.2017, 13/9/2017 എന്നീ തീയതികളിലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിക്കുകയും തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | എം.എൽ.എ-യുടെ 31.07.2017-ലെ കത്തിന്റെയും പൊൻമള പഞ്ചായത്ത് പ്രസിഡന്റിന്റെ 5.01.2017-ലെ കത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (സി) | കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി)<br>&<br>(ഡി) | 13/9/2017 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.7 നമ്പർ തീരുമാന പ്രകാരം 2015-2016 വർഷത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് പ്രകാരം എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം, IAS പരിശീലനം, അദ്ധ്യാപക സംഗമം, എയ്ഡഡ് സ്കൂളുകൾക്ക് ദിനപത്രം എന്നിവയ്ക്ക് തനത് ഫണ്ട് ഉപയോഗിച്ച് തുക നൽകുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയിരുന്നു.<br>പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ട് ഭേദഗതി വരുത്തി ഡി.പി.സിയുടെ അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണ്. |
| (ഡി) | നിർവ്വഹണ ഉദ്യോഗസ്ഥൻ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ